# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329** **27-06-2022 - ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി സർക്കാർ പോളി ടെക്നിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനായി കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | **നൽകിയിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർപ്രിന്റിലുള്ള സർവ്വെ സ്കെച്ച് വൈക്കം താലൂക്ക് സർവ്വേയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ബി) | നൽകിയിട്ടില്ല. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഗവ. പോളിടെക്നിക് കോളേജിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർ പ്രിന്റിലുള്ള സർവ്വേ സ്കെച്ച് തയ്യാറാക്കി നൽകുന്നതിനും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും വൈക്കം താലൂക്ക് സർവ്വെയർക്ക് 25.05.2021-ൽ കത്തും തുടർന്ന് 22.07.2021-ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതാണ്. മാത്രമല്ല കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ 2022 ഏപ്രിലിൽ വൈക്കം താലൂക്ക് സർവ്വെ ഓഫീസിൽ നേരിട്ടെത്തി വിഷയത്തിന്റെ അടിയന്തര പ്രാധാന്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത സ്കെച്ച് നാളിതുവരെ ലഭ്യമായിട്ടില്ല. കൂടാതെ റീസർവ്വെ പ്രകാരമുള്ള സ്കെച്ചിന്റെ പകർപ്പിനായി നിശ്ചിത ഫീസ് അടവാക്കി വിവരം വൈക്കം തഹസീൽദാരെ അറിയിച്ചിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ